# ക്ലബ്ബിൽ ചേരാം; സൈക്കിൾ സവാരി നടത്താം

എസ്. സ്മിതേഷ്
ssmithesh0@gmail.com

തിരുവനന്തപുരം: ഏതൊരാളുടെയും ബാല്യകാല സാഹസങ്ങളിലെ നിത്യഹരിത കഥാപാത്രമാണ് സൈക്കിൾ. അന്തസ്സിന്റെ പ്രതീകമായി സ്കൂൾ പഠനകാലത്ത് വലത് വശം ചേർത്ത് കൊണ്ടുനടന്ന അതേ സൈക്കിൾ. സഹപാഠികളായ സുന്ദരിമാരുടെ ഇടയിൽ ഹീറോയാകാൻ കൈവിട്ട് സൈക്കിളിൽ പറന്ന നാളുകൾ. പക്ഷെ സ്കൂളിന്റെ പടിയിറങ്ങിയപ്പോൾ ബഹുഭൂരിപക്ഷവും, സാവാധാനത്തിലാണെങ്കിലും ഈ സന്തത സഹചാരിയെ മറന്നു. എന്നാൽ പതിനഞ്ചാം വയസ്സിൽ സൈക്കിളിനോട് തോന്നിയ ഇഷ്ടം ഇന്നും ഒരു കോട്ടവും തട്ടാതെ കൊണ്ടുനടക്കുകയാണ് മുപ്പതിയൊന്ന് കാരനായ എം. എസ്. അതിരൂപ്.

അതിരൂപ് തന്റെ സൈക്കിൾ പ്രേമം സമൂഹത്തിന് പ്രയോജന പ്രദമാകുന്ന രീതിയിൽ മാറ്റാനൊരുങ്ങുകയാണ്. അതിനായി ഇദ്ദേഹം ഒരു സൈക്കിൾ ക്ലബ്ബ് തുടങ്ങിക്കഴിഞ്ഞു, ആതിസ് ബൈസിക്കിൾ ക്ലബ്ബ് (എബിസി).

ക്ലബ്ബിൽ അംഗമാകുന്നവർക്ക് നഗരത്തിലെ വിവിധ സൈക്കിൾ പോയിന്റുകളിൽ നിന്ന് സൈക്കിളെടുത്ത് യാത്ര ചെയ്യാൻ കഴിയും. യാത്ര അവസാനിപ്പിക്കുന്നിടത്തെ പോയിന്റിൽ സൈക്കിൾ വച്ച് സ്വസ്ഥമായി മടങ്ങാം. നഗരത്തിൽ പ്രധാനപ്പെട്ട പതിനാറ് സ്ഥലങ്ങളിൽ ഇതിനുള്ള സൗകര്യം ഒരുക്കാനാണ് അതിരൂപ് ആലോചിക്കുന്നത്. രണ്ടായിരം രൂപയോ ഒരു സൈക്കിളോ നൽകി ആർക്കുവേണമെങ്കിലും ക്ലബ്ബിൽ അംഗത്വമെടുക്കാം.

സൈക്കിൾ പോയിന്റിലെത്തി നമുക്ക് ഇഷ്ടപ്പെട്ട സൈക്കിളിന്റെ ഐഡി എസ്. എം. എസ് ചെയ്യുക. നിമിഷങ്ങൾക്കകം സൈക്കിളിന്റെ നമ്പർ ലോക്ക് തുറക്കാനുള്ള കോഡ് നിങ്ങളുടെ ഇൻബോക്സിലെത്തും. സൈക്കിൾ തിരികെ വയ്ക്കുമ്പോൾ പൂട്ടേണ്ട കോഡും മൊബൈലിലേക്ക് അയക്കുന്നതാണ്. വെറും രണ്ടു രൂപ ചെലവാക്കിയാൽ ഒരു മണിക്കൂർ സവാരി നടത്താം.



സൈക്കിൾ ക്ലബ്ബിന്റെ പരസ്യം സൈക്കിളിൽ

ട്രാഫിക് പൊലീസുമായും നഗരസഭാ അധികൃതരുമായും ഇതിനുള്ള ചർച്ചകൾ അതിരൂപ് നടത്തിക്കഴിഞ്ഞു. മ്യൂസിയം വളപ്പിലും സാഫല്യം കോംപ്ലക്സിന് സമീപത്തും കുറച്ച് സൈക്കിൾ വയ്ക്കാനുള്ള സൗകര്യം ഒരുക്കാനും അതിരൂപ് ശ്രമിക്കുന്നുണ്ട്.

“കുട്ടിക്കാലം മുതലേ സൈക്കിൾ ഉപയോഗിക്കുന്നുണ്ട്.

പത്താം ക്ലാസിൽ പരീക്ഷ എഴുതാൻ സൈക്കിളിൽ പോയതോടെയാണ് ഇതൊരു ഹോബിയും പാഷനുമൊക്കെയായത്. സൈക്കിൾ സവാരിയുടെ പ്രയോജനം മനസ്സിലായതോടെയാണ് സൈക്കിൾ ക്ലബ്ബ് എന്ന ആശയം മനസ്സിലുദിച്ചത്” അതിരൂപ് പറയുന്നു.

മെക്കാനിക്കൽ എൻജിനീയറായ അതിരൂപ് സ്വന്തം ബിസിനസിന്റെ തിരക്കിനിടയിലാണ് സൈക്കിൾ ക്ലബ്ബിന്റെ പ്രവർത്തനങ്ങളും നടത്തുന്നത്. ഇന്ത്യയിലെ വിവിധ വിനോദസഞ്ചാരകേന്ദ്രങ്ങളിൽ സൈക്കിളിൽ യാത്ര ചെയ്തിട്ടുള്ള അതിരൂപ് സൈക്കിൾ ക്ലബ്ബ് എന്ന ആശയം കേരളം മുഴുവൻ വ്യാപിപ്പിക്കാനുള്ള തയ്യാറെടുപ്പിലാണ്.

സൗജന്യമായി സൈക്കിൾ ഉപയോഗിക്കാനുള്ള അവസരം ഒരുക്കണമെന്നാണ് തന്റെ ആഗ്രഹമെന്ന് അതിരൂപ് പറയുന്നു.

നഗരത്തിലെ ഗതാഗതക്കുരുക്കിൽ സൈക്കിൾ വളരെ ഫലപ്രദമായ യാത്രോപാധിയാണ്. മാത്രമല്ല സൈക്കിൾ ഒരു തരത്തിലുള്ള മലിനീകരണവും ഉണ്ടാക്കുന്നുമില്ല. ഈ സംവിധാനം നഗരത്തിലെത്തുന്ന വിനോദസഞ്ചാരികൾക്കും സഹായകമായിരിക്കും. മാത്രമല്ല ഭാവിയിലെ യാത്രാ ഉപാധികളിൽ നിന്ന് സൈക്കിളിനെ ഒഴിവാക്കാൻ ആകില്ലെന്നും അതിരൂപ് പറഞ്ഞു.

**അതിരൂപിന്റെ ഫോൺ: 9645511155**


അതിരൂപ് ഹിമാലയത്തിൽ